(ഡി) ശബരിമല വികസനത്തിനായി വനഭൂമി ലഭ്യമാകേണ്ടതിൽ സുപ്രീംകോടതിയുടെയും കേന്ദ്രവനൃജീവി സംരക്ഷണ ബോർഡിന്റെയും അനുമതി ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശബരിമല വികസനത്തിന് വനഭൂമി വിട്ടുകിട്ടാൻ നടപടി

52 [3396] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

" ടി. വി. ചന്ദ്രമോഹൻ:

" ജോർജ് ജെ. മാത്യു:

" വി. ജെ. പൗലോസ്:

" എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ടോയ്‌ലറ്റുകൾ, മാലിന്യ ശുദ്ധീകരണ പ്ലാന്റുകൾ, വിശ്രമകേന്ദ്രങ്ങൾ മുതലായവ നിർമ്മിക്കുന്നതിനുള്ള എത്ര പദ്ധതികൾ കേന്ദ്രാനുമതിക്കായി അയച്ചിട്ടുണ്ട്;

(ബി) വനൃമൃഗസംരക്ഷണ മേഖലയിൽ സ്ഥിതിചെയ്യുന്ന ശബരിമലയിൽ നിന്ന് വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര വനൃജീവി സംരക്ഷണ ബോർഡിന്റെ അനുമതി ആവശ്യമാണോ;

(സി) എങ്കിൽ പ്രസ്തുത ബോർഡിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) വനേതര ആവശ്യങ്ങൾക്ക് വനഭൂമി വിട്ടുകിട്ടുന്നതിന് സുപ്രീം കോടതിയുടെ അനുമതി ആവശ്യമാണോ;

(ഇ) എങ്കിൽ ഇക്കാര്യത്തിനായി സുപ്രീംകോടതിയുടെ അനുമതി നേടി അത് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്?

ഉത്തരം

(എ) ശബരിമലയിൽ ടോയ്‌ലറ്റുകൾ, മാലിന്യ ശുദ്ധീകരണ പ്ലാന്റുകൾ, വിശ്രമസങ്കേതങ്ങൾ മുതലായവ നിർമ്മിക്കുന്നതിനായി 19 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇവ രണ്ടും പ്രൊപ്പോസലുകളായി തിരുവിതാംകൂർ ദേവസ്വം ബോർഡ് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ആവശ്യമാണ്.

(സി) കേന്ദ്ര വനൃജീവി സംരക്ഷണ ബോർഡിന്റെ അനുമതിക്കുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ആവശ്യമാണ്.

(ഇ) സുപ്രീംകോടതിയുടെ അനുമതി തേടാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly